# മഹാത്മാഗാന്ധി സർവ്വകലാശാല

## 2019 നവംബർ 23–ാം തീയതി രാവിലെ 10.00 മണിക്ക് സർവ്വകലാശാല സെനറ്റ് ഹാളിൽ ചേർന്ന സെനറ്റ് യോഗത്തിൻെറ നടപടിക്കുറിപ്പ്

**പങ്കെടുത്തവർ :-**

| | | |
|---|---|---|
| 1 | പ്രൊഫ. (ഡോ.) സി.റ്റി. അരവിന്ദകുമാർ, വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ് ചാൻസലർ, (അദ്ധ്യക്ഷൻ) | ഒപ്പ് |
| 2 | അഡ്വ. പി.കെ. ഹരികുമാർ, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 3 | പ്രൊഫ. (ഡോ.) ജയചന്ദ്രൻ കെ., സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 4 | പ്രൊഫ. (ഡോ.) സന്തോഷ് പി. തമ്പി, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 5 | പ്രൊഫ. (ഡോ.) കെ. എം. കൃഷ്ണൻ, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 6 | പ്രൊഫ. ടോമിച്ചൻ ജോസഫ്, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 7 | ഡോ. അജി സി. പണിക്കർ, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 8 | ഡോ. പി.കെ. പത്മകുമാർ, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 9 | ഡോ. എം.എസ്. മുരളി, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 10 | ഡോ. ആർ. അനിത, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 11 | പ്രൊഫ. (ഡോ.) ബിസ്മി ഗോപാലകൃഷ്ണൻ, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 12 | ഡോ. ആർ. പ്രഗാഷ്, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 13 | ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 14 | പ്രൊഫ. പ്രവീൺ കുമാർ വി.എസ്., സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 15 | ശ്രീ. ജയ് സുഖ്‌ലാൽ, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് | ഒപ്പ് |
| 16 | ശ്രീ. വി.പി. ഇസ്മയിൽ, പ്രസിഡൻറ്, ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് അസോസിയേഷൻ, കോട്ടയം | ഒപ്പ് |
| 17 | ശ്രീ. ജേക്കബ് സി. നൈനാൻ, യു.ഡി. ക്ലർക്ക്, ബസേലിയസ് കോളേജ്, കോട്ടയം | ഒപ്പ് |
| 18 | ശ്രീ. മോൻസി എ.യു., ജൂനിയർ സൂപ്രണ്ട്, സെൻറ്. തോമസ് കോളേജ്, റാന്നി | ഒപ്പ് |
| 19 | ശ്രീ. വർഗ്ഗീസ് കെ. ചെറിയാൻ, പ്രിൻസിപ്പൽ, സെൻറ്. ജോസഫ് ട്രെയിനിംഗ് കോളേജ്, മാന്നാനം | ഒപ്പ് |
| 20 | ഡോ. എസ്. അനസ്, അസിസ്റ്റൻറ് പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് | ഒപ്പ് |
| 21 | ശ്രീ. നിഖിൽ എസ്. നായർ, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ | ഒപ്പ് |
| 22 | പ്രൊഫ. (ഡോ.) പ്രകാശ് കുമാർ ബി., പ്രൊഫസർ, സ്കൂൾ ഓഫ് ബയോ സയൻസസ് | ഒപ്പ് |
| 23 | ശ്രീ. പത്മകുമാർ പി., അസിസ്റ്റൻറ് രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല | ഒപ്പ് |
| 24 | പ്രൊഫ. (ഡോ.) സിബി സക്കറിയാസ്, പ്രൊഫസർ, സ്കൂൾ ഓഫ് മാനേജ്മെൻറ് & ബിസിനസ്സ് സ്റ്റഡീസ് | ഒപ്പ് |

രജിസ്ട്രാർ(i/c) ഡോ. കെ. സാബുക്കുട്ടനും ഹാജരായിരുന്നു.

രാവിലെ 10.00 മണിക്ക് പ്രൊ-വൈസ് ചാൻസലർ ഡോ. സി.റ്റി. അരവിന്ദകുമാറിൻെറ അദ്ധ്യക്ഷതയിൽ യോഗ നടപടികൾ ആരംഭിച്ചു. സെനറ്റ് യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളെ അദ്ധ്യക്ഷൻ സ്വാഗതം ചെയ്യുകയും, ആദരണീയനായ ചാൻസലർ ശ്രീ. ആരീഫ് മുഹമ്മദ് ഖാൻ, പുതിയ സിൻഡിക്കേറ്റംഗമായി ചുമതലയേറ്റ കുമാരി. ദയാ സാബു എന്നിവരെ യോഗത്തിലേയ്ക്ക് പ്രത്യേകം സ്വാഗതം ചെയ്യുകയും ചെയ്തു.

അദ്ധ്യക്ഷൻ തൻെറ ആമുഖ പ്രസംഗത്തിൽ കഴിഞ്ഞ കാലയളവിൽ സർവ്വകലാശാല കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് യോഗത്തെ അറിയിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. സാബു തോമസിന് ശാസ്ത്ര സാങ്കേതിക ഗവേഷണ മേഖലയിലെ മികവിന് യൂറോപ്യൻ അക്കാദമി ഓഫ് സയൻസസ് അംഗത്വം നൽകി ആദരിച്ചതായും ഈ മേഖലയിൽ ഇന്ത്യയിൽനിന്ന് അംഗത്വം ലഭിക്കുന്ന രണ്ടാമത്തെയാളാണ് അദ്ദേഹം എന്നും അദ്ധ്യക്ഷൻ സഭയെ അറിയിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് പ്യൂർ ആൻഡ് അപ്ലൈഡ് ഫിസിക്സ് വകുപ്പ് മേധാവിയും ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി ഓണററി ഡയറക്ടറുമായ ഡോ. നന്ദകുമാർ കളരിക്കലിന് അക്കാദമിക മികവിനുള്ള പ്രൊഫസർ അറ്റ് ലൊറൈൻ ബഹുമതി ഫ്രാൻസിലെ ലൊറൈൻ സർവ്വകലാശാല സമ്മാനിച്ചു എന്നും എൻ.എസ്.എസ്. പ്രവർത്തനത്തിനുള്ള ദേശീയ അവാർഡ് ലഭിച്ച രജിസ്ട്രാർ(i/c) ഡോ. കെ. സാബുക്കുട്ടന് സംസ്ഥാന സർക്കാർ സദ്സേവന രേഖ നൽകി ഉത്തരവായെന്നും അദ്ധ്യക്ഷൻ അറിയിച്ചു. മികച്ച നേട്ടം കൈവരിച്ച ഇവരെ യോഗം അഭിനന്ദിച്ചു.

Revaluation ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുകയും, PG, MBA, B.Voc, B.Ed തുടങ്ങിയ കോഴ്സുകൾക്ക് ക്രഡിറ്റ് ബാങ്ക് സിസ്റ്റം നടപ്പിലാക്കുകയും, MHRD യുടെ STRIDE (Scheme for Trans-disciplinary Research for India's Developing Economy) എന്ന പ്രോഗ്രാമിലേയ്ക്ക് 13 പ്രപ്പോസൽസും SPARC (Scheme for Promotion of Academic and Research Collaboration) എന്ന പ്രോഗ്രാമിലേയ്ക്ക് 37 പ്രപ്പോസൽസും GIAN (Global Initiative of Academic Networks) എന്ന പ്രോഗ്രാമിലേയ്ക്ക് 31 പ്രപ്പോസൽസും സമർപ്പിച്ചിട്ടുണ്ടെന്നും ചാൻസലേഴ്സ് അവാർഡ്, NIRF റാങ്കിംഗ് എന്നിവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു എന്നും അദ്ധ്യക്ഷൻ അറിയിച്ചു.

തുടർന്ന്, കഴിഞ്ഞ സെനറ്റ് യോഗത്തിനു ശേഷം മരണമടഞ്ഞവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു. തുടർന്ന് രജിസ്ട്രാർ (i/c)-നെ അനുശോചനപ്രമേയം അവതരിപ്പിക്കുന്നതിനായി ക്ഷണിച്ചു.

**<u>അനുശോചനപ്രമേയം</u>**

"മുൻ കേന്ദ്ര ധനകാര്യമന്ത്രി അരുൺ ജയ്റ്റ്ലി, മുൻ കേന്ദ്ര നിയമമന്ത്രി രാം ജഠ് മലാനി, മുൻ വിദേശകാര്യ സെക്രട്ടറി കെ.പി.എസ്. മേനോൻ ജൂനിയർ, മുൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ടി.എൻ. ശേഷൻ, സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് & പൊളിറ്റിക്സിൻെറ ആദ്യ ഡയറക്ടറും മുൻ സിൻഡിക്കേറ്റ് അംഗവുമായിരുന്ന ഡോ. സി.വി. ചെറിയാൻ, സി.പി.ഐ. നേതാവായിരുന്ന ഗുരുദാസ് ദാസ്ഗുപ്ത എന്നിവർ കഴിഞ്ഞ സെനറ്റ് യോഗത്തിനു ശേഷം നമ്മെ വിട്ടു പിരിഞ്ഞു. ഇവരുടെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ സെനറ്റ് അനുശോചനം രേഖപ്പെടുത്തുകയും പരേതരുടെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു." തുടർന്ന് ആദരസൂചകമായി സഭ ഒരു മിനിറ്റ് മൗനമാചരിച്ചു.
അതിനുശേഷം അജൻഡ ഇനത്തിലേയ്ക്ക് കടക്കുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു.

## I. ചോദ്യവും ഉത്തരവും:

### 1. ചോദ്യം: ശ്രീ. പത്മകുമാർ പി., സെനറ്റ് അംഗം

പഴയ സിലബസ്സിലുള്ള ബിരുദകോഴ്സുകളുടെ (Prior to 2009 Admission) പരീക്ഷാസംബന്ധമായ രേഖകളുടെ ഡിജിറ്റലൈസേഷൻ നടപടികൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്?

**സിൻഡിക്കേറ്റ് അംഗം ഡോ. ആർ. പ്രഗാഷ് ഉത്തരം പറഞ്ഞു.**

പരീക്ഷ വിഭാഗത്തിലെ ടാബുലേഷൻ രജിസ്റ്ററുകൾ ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട ടി പ്രവർത്തി ചെയ്യുന്നതിനായി Uralungal Labour Contract Co-operative Society (ULCCS) -യുടെ ഭാഗമായ Uralungal Labour Technology Solutions (ULTS) -എന്ന സ്ഥാപനത്തെ ചുമതലപെടുത്തുവാനും താഴെ സൂചിപ്പിക്കുന്ന വിധത്തിൽ അവർ സമർപ്പിച്ച നിരക്കുകൾ അംഗീകരിച്ചുകൊണ്ടും സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (യു.ഒ.നം.1306/പി&ഡി1/ 3/2019/ഭരണവിഭാഗം തീയതി 30/ 03/ 2019 )

| Page size | Rate per facing sheet |
|---|---|
| A4 | 9.90 |
| A3 | 11.00 |
| A2 | 11.50 |
| A1 | 14.60 |

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവർത്തിക്കായി ULCCS എന്ന സ്ഥാപനവുമായി സർവകലാശാല നിയമോപദേശകൻ അംഗീകരിച്ച ധാരണാപത്ര പ്രകാരം കരാറിൽ ഏർപ്പെടുന്നതിനായി സർവകലാശാല ഉത്തരവ് (യു.ഒ.നം.5104/ പി &ഡി 1/2019/എം.ജി.യു.,

തീയതി 23/10/2019) പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കരാറിൽ ഏർപ്പെടുന്നതിനായി ധാരണാപത്രത്തിന്റെ കരട് ULCCS ന്റെ ചെയർമാനു നല്കുകയും അസ്സൽ ധാരണാപത്രം സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

2. **ചോദ്യം: പ്രൊഫ. ഡോ. സിബി സക്കറിയാസ്, (സെനറ്റ് അംഗം)**

പ്രൊഫ. ഡോ. സിബി സക്കറിയാസ് ഈ സമയം സഭയിൽ ഹാജരാകാതിരുന്നതിനാൽ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.

3. **ചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ, സെനറ്റ് അംഗം**

2020–21 അദ്ധ്യയന വർഷത്തിൽ പുതിയ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടികൾ യൂണിവേഴ്സിറ്റി ആരംഭിച്ചിട്ടുണ്ടോ?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉത്തരം പറഞ്ഞു.**

2020-21 അദ്ധ്യയന വർഷത്തിൽ പുതിയ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്നതിനായി വിവിധ കോളേജുകളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ബഹു, വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം, ടി വിഷയം സിൻഡിക്കേറ്റിൻെറ പരിഗണനയിലാണ്, ആഗസ്റ്റ് 31–നു മുൻപായി കോളേജുകൾ അപേക്ഷ സമർപ്പിക്കേണ്ടതും മേയ് മാസം 31–നു മുൻപായി അപേക്ഷകൾ പരിഗണിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതുമായിരിക്കും.

**ഉപചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ, സെനറ്റ് അംഗം**

ഗവൺമെൻറ് പോളിസി അനുസരിച്ച് ജൂൺ ആദ്യം തന്നെ കോഴ്സുകൾ ആരംഭിക്കേണ്ടതായി ട്ടുണ്ട് ആയതിനാൽ സർവ്വകലാശാല അപേക്ഷ സ്വീകരിച്ച് ജനുവരി – ഫെബ്രുവരി മാസങ്ങളിലായി നടപടികൾ പൂർത്തിയാക്കാൻ ശ്രമിക്കുമോ?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉത്തരം പറഞ്ഞു.**

ആഗസ്റ്റ് 31–നു മുൻപായി കോളേജുകൾ അപേക്ഷ സമർപ്പിക്കേണ്ടതും മേയ് 31–നു മുൻപായി അപേക്ഷകൾ പരിഗണിക്കുക എന്നതും statute-ൽ പറയുന്ന പ്രകാരം ആണ്. ആയതിനാർ ഇത്തരത്തിൽ ഒരു ബുദ്ധിമുട്ട് ഉണ്ടാകുന്നു എങ്കിൽ അപേക്ഷകൾ നേരത്തെ തന്നെ പരിഗണിക്കാൻ ശ്രമിക്കുന്നതായിരിക്കും.

4. **ചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ, സെനറ്റ് അംഗം**

യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എയ്ഡഡ് കോളേജുകളിൽ എയ്ഡഡ് കോഴ്സുകൾക്കും അൺ എയ്ഡഡ് കോഴ്സുകൾക്കുമായി ഒരു ഓഫീസ് പ്രവർത്തിക്കുന്ന കോളേജുകൾ ഏതെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ ഏത് കോളേജ്?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉത്തരം പറഞ്ഞു.**

ഉണ്ട്. എയ്ഡഡ് കോഴ്സുകൾക്കും അൺ എയ്ഡഡ് കോഴ്സുകൾക്കുമായി ഒരു ഓഫീസ് ഉള്ള കോളേജുകളുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. MES കോളേജ്, നെടുങ്കണ്ടം
2. MES കോളേജ്, മാറമ്പള്ളി
3. ന്യൂമാൻ കോളേജ്, തൊടുപുഴ
4 മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജ്, അങ്കമാലി (In same office,but different section)
5. S.N.M കോളേജ് , മാല്യങ്കര (In same office,but different section)
6. സെന്റ് തോമസ് കോളേജ്, റാന്നി

**ഉപചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ, സെനറ്റ് അംഗം**

മൂന്നോ നാലോ എയ്ഡഡ് കോഴ്സുകൾ മാത്രമുള്ള കോളേജുകളിൽ ബാക്കി അധികം വരുന്ന അൺ എയ്ഡഡ് കോഴ്സുകൾക്കും എയ്ഡഡ് കോളേജ് ഓഫീസുകൾ പ്രവർത്തിക്കുന്നു. ലൈബ്രറിയും മറ്റ് പഠന ഭൗതിക കാര്യങ്ങളും അൺ എയ്ഡഡ് കോഴ്സുകൾക്ക് ഉപയോഗിക്കുന്നുണ്ട്. ഈ വിഷയത്തിൽ സർവ്വകലാശാല ശക്തമായ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:**

എയ്ഡഡ് കോഴ്സുകൾക്കായുള്ള പഠന ഭൗതിക സാഹചര്യങ്ങൾ അൺഎയ്ഡഡ് കോഴ്സുകൾക്കായി ഉപയോഗിക്കാൻ പാടുള്ളതല്ല. ഒരുമിച്ചു പ്രവർത്തിക്കുന്ന ഓഫീസുകൾ മാറ്റി സ്ഥാപിക്കുവാൻ വേണ്ട നടപടികൾ അടിയന്തിരയമായി സ്വീകരിക്കുന്നതാണ്.

5. **ചോദ്യം: ശ്രീ. പത്മകുമാർ പി., സെനറ്റ് അംഗം**

DASTP യുടെ പ്രാദേശികകേന്ദ്രങ്ങൾ തുടങ്ങുന്നതിന്റെ സാദ്ധ്യതകളെപ്പറ്റി പഠിക്കാൻ രൂപീകരിച്ച സിൻഡിക്കേറ്റ് ഉപസമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ? DASTP യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**സിൻഡിക്കേറ്റ് അംഗം ഡോ. ആർ. പ്രഗാഷ് ഉത്തരം പറഞ്ഞു.**

1. സിൻഡിക്കേറ്റ് ഉപസമിതി റിപ്പോർട്ട് ഉടൻ തന്നെ സമർപ്പിക്കുന്നതായിരിക്കും.
2. DASP യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

a. ഒൻപത് പ്രോഗ്രാമുകൾക്ക് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഇരുന്നൂറിലധികം വിദ്യാർത്ഥികൾ അഡ്മിഷൻ എടുത്തു.

b. കേന്ദ്രീകൃത ഓൺ ലൈൻ പരീക്ഷാകേന്ദ്രം ആരംഭിക്കുന്നതിനായി പഴയ SBI യുടെ കെട്ടിടം നവീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി. 100 കമ്പ്യൂട്ടറുകൾ അടങ്ങുന്ന ഒരു ഓൺലൈൻ പരീക്ഷാകേന്ദ്രം നിർമിക്കുന്നതിനായി 22.10.2019 ൽ ഇ–ടെൻഡർ ക്ഷണിച്ചു കഴിഞ്ഞു.

c. SCHOOL OF PEDAGOGICAL SCIENCE ന്റെ പഴയ കെട്ടിടം നവീകരിച്ച് DASP യുടെ ഓഫീസും അഞ്ച് SMART CLASS ROOMS ഉം സജ്ജമാക്കിയിട്ടുണ്ട്.

d. പുതിയ പ്രോഗ്രാമുകൾ കണ്ടെത്തുന്നതിനും, നിലവിലുള്ളവയെ നിരന്തരം update ചെയ്യുന്നതിനുമായി ഒരു പ്രോഗ്രാം അസോസിയേറ്റിനെ നിയമിച്ചിട്ടുണ്ട്.

e. പല പ്രോഗ്രാമുകൾക്കും ഇതര യൂണിവേഴ്സിറ്റികളുടേയും സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടേയും സഹകരണം തേടുന്നുണ്ട്. ഉദാഹരണത്തിന് CERTIFICATE IN WASTE MANAGEMENT എന്ന പ്രോഗ്രാമുമായി സഹകരിക്കാൻ കേരളാ ശുചിത്വ മിഷൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഫോറൻസിക് സൈക്കോളജി എന്ന പ്രോഗ്രാം തുടങ്ങുന്നതിനായി പോലീസ് അക്കാദമി സമീപിച്ചിട്ടുണ്ട്.

f. പഠന/മൂല്യനിർണ്ണയത്തിനുവേണ്ടിയുള്ള AUTOMATED LEARNING AND EVALUATION MANAGEMENT SYSTEM പൂർണ്ണ സജ്ജമായിവരുന്നു.

6. **ചോദ്യം: ശ്രീ. പത്മകുമാർ പി, സെനറ്റ് അംഗം**

സർവ്വകലാശാലയിൽ 'ഗ്രീൻ പ്രോട്ടോക്കോൾ' പൂർണ്ണമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**സിൻഡിക്കേറ്റ് അംഗം ഡോ. ജയചന്ദ്രൻ കെ. ഉത്തരം പറഞ്ഞു.**

- സർവകലാശാലയിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കുന്നതിന്റെ മേൽനോട്ടം വഹിക്കാൻ സ്കൂൾ ഓഫ് ബയോ സയൻസിലെ പ്രൊഫസറായ ഡോ. കെ. ജയചന്ദ്രനെ നോഡൽ ഓഫീസറായി 22.05.2018-ലെ സ.ഉ. നം.4108/ബി3/1/2018 പ്രകാരം നിയമിച്ചു. സർവകലാശാല ക്യാമ്പസിലെയും CPAS ന് കൈമാറിയ SME /STAS സെന്ററുകളിലും ലഭ്യമായ ഇരുമ്പ്/ഇലക്ട്രിക്കൽ/ഇലക്ട്രോണിക് വേസ്റ്റ് ഒരു വർഷത്തിലേറെ സമയമെടുത്ത് ശേഖരിച്ച് വിറ്റഴിച്ചു.

- 20.05.2019- ൽ ഉച്ചകഴിഞ്ഞ് 2.00 മണിക്ക് -സർവകലാശാല അസ്സംബ്ലി ഹാളിൽ കോഴിക്കോട് നിറവിന്റെ സാരഥി ശ്രീ. ബാബു പറമ്പത്ത് നയിച്ച ബോധവൽക്കരണ ക്ലാസ് നടന്നു.

20.05.2019-ൽ ഉച്ചകഴിഞ്ഞ് 3.30 ന് വൈസ് ചാൻസലറുടെ ചേമ്പറിൽ അടിയന്തിര ആലോചന യോഗത്തെ തുടർന്ന് കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ ഉൾപ്പടെ സർവകലാശാലയിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഇതുവരെ കൈകൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

- സ.ഉ.നം.3301/എസ്.ഓ.006/2017 ഭരണം തീയതി 01.06.2017 പ്രകാരം സർവകലാശാലയിൽ വച്ച് നടക്കുന്ന സദ്യകളിലും സൽക്കാരങ്ങളിലും അജൈവ വസ്തുക്കളുടെ ഉപയോഗം നിരോധിച്ചു.

- 10.05.2018-ൽ കുടിവെള്ളത്തിന്റെയും മറ്റും ഒഴിഞ്ഞ പ്ലാസ്റ്റിക് ബോട്ടിലുകൾ ക്യാമ്പസിൽ അലക്ഷ്യമായി ഉപേക്ഷിക്കപ്പെടുന്നതു നിയന്ത്രിക്കാൻ ക്യാമ്പസിലെ വിവിധ പോയിന്റുകളിൽ മെഷ് ബിന്നുകൾ വിന്യസിച്ചു.

- സർവ്വകലാശാലയെ മാലിന്യ വിമുക്തമാകുന്നതിനായി 'Zero Waste Campus' എന്ന ഒരു സമഗ്രമായ പദ്ധതി 2019-20 വർഷം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

- 05.06.2019-ൽ ക്യാമ്പസിൽ വച്ച് സർവകലാശാല/സർക്കാർ ധനസഹായത്തോടെ നടക്കുന്ന പരിപാടികളോടനുബന്ധിച്ചുള്ള സദ്യകളിലും സൽക്കാരങ്ങളിലും ക്യാമ്പസിൽ അജൈവ വസ്തുക്കളുടെ ഉപയോഗം നിരോധിച്ചു കൊണ്ടുള്ള ഉത്തരവ് കർശനമായി നടപ്പാക്കുന്നതിന് ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസറുടെ ഇടപെടൽ ഉറപ്പാക്കുന്നതിനുള്ള പരിപത്രം പുറപ്പെടുവിച്ചു.

- 05.06.2019-ൽ ഗ്രീൻ പ്രോട്ടോകോൾ സർവകലാശാല ക്യാമ്പസിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികളിൽ പങ്കെടുക്കുകയും നേതൃത്വം വഹിക്കുകയും ചെയ്യുന്നതിന് സന്നദ്ധതയും ഇത്തരം പ്രവർത്തനങ്ങളിൽ അഭിരുചിയുമുള്ള ജീവനക്കാരെ പരിപാടികളിലേക്ക് ക്ഷണിച്ചുകൊണ്ട് പരിപത്രം പുറപ്പെടുവിച്ചു.

- 05.06.2019-ന് ക്യാമ്പസിലെ ജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിനായി റിംഗ് കമ്പോസ്റ്റ്ബിന്നുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ സർവകലാശാല എൻജിനീയർക്കു നിർദേശം നൽകി.

- 06.06.2019-ന് ക്യാമ്പസിന്റെ വിവിധ ഭാഗങ്ങളിൽ ചിതറി കിടന്നിരുന്ന ട്യൂബ് ലൈറ്റുകൾ, ഗ്ലാസ്സ് എന്നിവ താത്ക്കാലിക Common Collection Facility യിലേക്ക് സമാഹരിച്ചു.

- 07.06.2019-ന് ക്യാമ്പസിലെ തുറസ്സായ സ്ഥലങ്ങളിൽ നിന്ന് വിൽപ്പനയ്ക്ക് യോഗ്യമായ എല്ലാ വസ്തുക്കളും ശേഖരിച്ച് വിറ്റഴിച്ചു.

- 103 ഏക്കറുള്ള ക്യാമ്പസിന്റെ വിവിധഭാഗങ്ങളിൽ നിന്ന് ഫർണിച്ചർ/വിൽപ്പനക്കുള്ള വിവിധ വസ്തുക്കൾ എന്നിവയുടെ നീക്കം സുഗമമാക്കുന്നതിന് ഒരു മിനിട്രക് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

- ക്യാമ്പസിൽ പുതുതായി എത്തിയവർ ഉൾപ്പടെ കഴിയുന്നത്ര വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് 26.06.2019-ൽ മറ്റൊരു ബോധവത്ക്കരണ പരിപാടി ശ്രീ.ബാബു പറമ്പത്തിന്റെ നേതൃത്വത്തിൽ നടത്തുന്നതിന് തീരുമാനിച്ചു.

- 20.06.2019-ന് എസ്റ്റേറ്റ് ഓഫീസറുടെ പേരിൽ അനുവദിച്ച താൽകാലിക മുൻകൂർ തുക ഉപയോഗിച്ച് സർവകലാശാല ഹോസ്റ്റലുകളിലെ വാട്ടർ ടാങ്കുകളുടെ ക്ളീനിംഗ് ശാസ്ത്രീയമായ രീതിയിൽ നിർവഹിച്ചു.

- സ.ഉ.നം.3200/Admn.2019/MGU dated 09.07.2019 പ്രകാരം പ്രൊ. ഡോ. ജയചന്ദ്രന് പകരം സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസസിലെ അസി. പ്രൊഫസറായ ഡോ. മഹേഷ് മോഹനെ ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസറായി നിയമിച്ചു.

- സ.ഉ.നം.3805 /Ad.B.3/2019/MGU -05.08.2019 പ്രകാരം വനിതാ ഹോസ്റ്റലിനു സമീപം ഒരു സെറ്റ് കോൺക്രീറ്റ് കമ്പോസ്റ്റ് ബിൻ സ്ഥാപിക്കുന്നതിന് സർവകലാശാല എൻജിനീയർ സമർപ്പിച്ച 85000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചു.

- 15.08.2019-ന് ഭക്ഷണ വിതരണത്തിന് അജൈവ വസ്തുക്കളുടെ ഉപയോഗം കാര്യക്ഷമമായി നിയന്ത്രിക്കുന്നതിന് സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ് എന്നിവ 100 എണ്ണം വീതം വാങ്ങി ഗസ്റ്റ് ഹൗസിൽ സൂക്ഷിക്കുകയും ആവശ്യാനുസരണം ജീവനക്കാർക്കും വിദ്യാർഥികൾക്കും നല്കിവരുകയും ചെയ്യുന്നു.

- ക്യാമ്പസിലെ മാലിന്യനീക്കവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നിലവിൽ സ്വന്തമായി വാഹനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ.ഉ.നം.4175 /Admn / 9201/MGU-31.08.2019 പ്രകാരം പരീക്ഷ വിഭാഗത്തിൽനിന്നും ഒരു വാഹനം സ്ഥിരമായി എസ്റ്റേറ്റ് സെക്ഷന് അനുവദിച്ചു.

- സർവകലാശാല ക്യാമ്പസിൽ വച്ച് നടത്തുന്ന ഭക്ഷണവിതരണം ഉൾപ്പെടുന്ന പരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസറുടെ മേൽനോട്ടം ഉറപ്പാക്കുന്നതിന് പുറപ്പെടുവിച്ച പരിപത്രം നം.12832/എഡിബി3 പരിഷ്കരിച്ചു കൂടുതൽ വ്യക്തതയോടെ നം.26405/Ad.B3/3/Admn 24.08.2019 പ്രകാരം വീണ്ടും പുറപ്പെടുവിച്ചു.

- 02.10.2019-ന് SPAP നു സമീപം നിർമ്മിക്കുന്നതിന് വിഭാവനം ചെയ്ത മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) കെമിസ്ട്രി PG ലാബിനു സമീപം നിർമ്മാണം പൂർത്തിയായി.

- സർവകലാശാല ഉത്തരവ് നം.4836/Admn/2019 /MGU -14.10.2019 പ്രകാരം സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിനു 'മിയാവാക്കി' മാതൃകയിലുള്ള വനം നിർമ്മിക്കുന്നതിന് കാമ്പസിൽ അഞ്ചു സെന്റ് സ്ഥലം അനുവദിച്ചു.

**ഉപചോദ്യം: ഡോ. എസ്. അനസ്, സെനറ്റ് അംഗം**

സർവ്വകലാശാലയിലെ രാസമാലിന്യങ്ങൾ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എത്രവരെയായി?

**സിൻഡിക്കേറ്റ് അംഗം ഡോ. ജയചന്ദ്രൻ കെ. ഉത്തരം പറഞ്ഞു.**

ലാബിലെ കെമിക്കലുകൾ സംസ്കരിക്കുന്നതിന് പുതിയ രീതികൾ നിലവിലുണ്ടെങ്കിലും എല്ലാ ലാബിലും ഈ സൗകര്യങ്ങളില്ല. രാസമാലിന്യങ്ങൾ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട്, ഒരു എക്സ്പേർട്ടിൻെറ നേതൃത്വത്തിൽ പഠനം നടത്തിയെങ്കിലും അതിൻെറ തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ സാധിച്ചില്ല. കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമമവുമായ രാസമാലിന്യ സംസ്കരണത്തിനു വേണ്ട നടപടികൾ സ്വീകരിക്കും.

രാസമാലിന്യങ്ങൾ ക്യാമ്പസിന് വെളിയിലേയ്ക്ക് കൊണ്ടു പോകുന്നതിന് അത് സംസ്കരിക്കുന്ന പുതിയ സ്റ്റാർട്ടപ്പ് കമ്പനികളെ കണ്ടെത്തി അവരെ ഏൽപ്പിക്കണമെന്നും, എല്ലാ മാസവും ഇതുമായി ബന്ധപ്പെട്ട അവലോകനം നടത്തണമെന്നും അദ്ധ്യക്ഷൻ അഭിപ്രായപ്പെട്ടു.

**ഉപചോദ്യം: പ്രൊഫ. ഡോ. പ്രകാശ് കുമാർ ബി., സെനറ്റ് അംഗം**

വാഷ് ചെയ്തു പോകുന്ന കെമിക്കൽ വേസ്റ്റ് ക്ലീൻ ചെയ്യുന്നതിന് വാട്ടർ ട്രീറ്റ്മെൻറ് പ്രോജക്ട് നടപ്പാക്കുമോ ?

**സിൻഡിക്കേറ്റ് അംഗം ഡോ. ജയചന്ദ്രൻ കെ. ഉത്തരം പറഞ്ഞു.**

വാട്ടർ ടീറ്റ്മെൻറ് പ്രോജക്ട് നടപ്പാക്കുന്ന കാര്യവും ആലോചിക്കും.

**ഉപചോദ്യം: ശ്രീ. പത്മകുമാർ പി., സെനറ്റ് അംഗം**

'മിയാവാക്കി' പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിൽ നിന്നും എന്തെങ്കിലും പ്രൊജക്ട് സർവ്വകലാശാലയക്ക് സമർപ്പിച്ചിട്ടുണ്ടോ ?

**സിൻഡിക്കേറ്റ് അംഗം ഡോ. ജയചന്ദ്രൻ കെ. ഉത്തരം പറഞ്ഞു.**

ഉണ്ട്. മിയാവാക്കി' പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരിൻെറ അംഗീകാരം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതി നടപ്പിലായാൽ മറ്റുള്ളവർക്ക് പിൻതുടരാവുന്നൊരു മാതൃകയായി നമുക്ക് മാറ്റുവാൻ സാധിക്കും.

**ഉപചോദ്യം: പ്രൊഫ. ഡോ. സിബി സക്കറിയാസ്, സെനറ്റ് അംഗം**

ഡിപ്പാർട്ട്മെൻറിൻെറ പരിസരം വൃത്തിയാക്കാൻ നടപടി കൈക്കൊള്ളുമോ ?

അതതു ഡിപ്പാർട്ട്മെൻറുകളുടെ പരിസരം സർവ്വകലാശാലയെ ആശ്രയിക്കാതെ അതതു ഡിപ്പാർട്ടുമെൻറുകൾ തന്നെ വൃത്തിയാക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് അദ്ധ്യക്ഷൻ മറുപടി പറഞ്ഞു.

7. **ചോദ്യം: പ്രൊഫ. ഡോ. സിബി സക്കറിയാസ്, സെനറ്റ് അംഗം**

What is the fate of Questions, Answers and Resolutions of previous senate meetings? How many of the got further action or implementation?

**സിൻഡിക്കേറ്റ് അംഗം ഡോ. എം.എസ്. മുരളി, ഉത്തരം പറഞ്ഞു.**

സെനറ്റ് യോഗത്തിൽ ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് അതതു സെനറ്റ് യോഗങ്ങളിൽ തന്നെ മറുപടി നൽകിയിട്ടുള്ളതും, പ്രമേയങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനും തുടർനടപടി കൈക്കൊള്ളുന്നതിനുമായി ബന്ധപ്പെട്ട അധികൃതർക്ക് യഥാസമയം സമർപ്പിച്ചിട്ടുള്ളതുമാണ്.

## II. സിൻഡിക്കേറ്റും വൈസ് ചാൻസലറും അവതരിപ്പിക്കുന്ന വിഷയങ്ങൾ.

കഴിഞ്ഞ സെനറ്റ് യോഗത്തിനു ശേഷം സർവ്വകലാശാല തൊടുപുഴ, അൽ അസർ കോളേജിലെ രണ്ട് പ്രോഗ്രാമുകൾക്ക് അഫിലിയേഷൻ നൽകിയിട്ടുള്ളത് സെനറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു.

As per statutes 9(7) Chapter 23 of MahatmaGandhi University statutes 1997 the matter of granting of affiliation to a new College or new course shall be reported to the Senate at its next meeting. Hence it is reported following new courses have been granted affiliation by the University after the last meeting of the senate held on 27.07.2019.

| No. | College | Course |
|---|---|---|
| 1. | Al Azhar College, Thodupuzha | BBA LLB(Hons), B.Com LLB(Hons) |

**III. സെനറ്റ് അംഗങ്ങൾ അവതരിപ്പിക്കുന്ന വിഷയങ്ങൾ:**
**(അംഗങ്ങൾ നൽകിയിട്ടുള്ള പ്രമേയങ്ങൾ).**

**1. അവതാരകൻ: ശ്രീ. പത്മകുമാർ പി.**
<u>പ്രമേയം:</u>
DASTP-യിൽ കാലാനുസൃതവും വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും പ്രയോജനപ്രദമായ പുതിയ കോഴ്സുകൾ ആരംഭിക്കുക.

പ്രൊഫ. ഡോ. പ്രകാശ് കുമാർ ബി. പ്രമേയത്തെ പിന്താങ്ങി. പ്രമേയം സഭ അംഗീകരിച്ചു.

**2. അവതാരകൻ: ശ്രീ. പത്മകുമാർ പി.**
<u>**പ്രമേയം:**</u>
സർവകലാശാലയ്ക്കുള്ള പദ്ധതി/പദ്ധതിയിതര ഗ്രാൻറുകൾ വർദ്ധിപ്പിക്കുക.

പ്രൊഫ. ഡോ. പ്രകാശ് കുമാർ ബി. പ്രമേയത്തെ പിന്താങ്ങി. ചർച്ചയ്ക്കുശേഷം താഴെ പറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

"സർവകലാശാലയ്ക്കുള്ള പദ്ധതി/പദ്ധതിയിതര ഗ്രാൻറുകൾ വർദ്ധിപ്പിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു."

**3. അവതാരകൻ, ശ്രീ. ജേക്കബ് സി. നൈനാൻ**
<u>**പ്രമേയം:**</u>

യൂണിവേഴ്സിറ്റി പരീക്ഷയ്ക്കായി അപേക്ഷ സ്വീകരിക്കുന്ന സമയക്രമത്തിൽ കോളേജുകൾ സ്വീകരിക്കുന്ന തീയതിയും യൂണിവേഴ്സിറ്റി സ്വീകരിക്കുന്ന തീയതിയും രണ്ടായി പ്രസിദ്ധീകരിക്കണമെന്നും ഇവ തമ്മിൽ അഞ്ചു ദിവസത്തെ വ്യത്യാസമുണ്ടാകണമെന്നും ഈ യോഗം ആവശ്യപ്പെടുന്നു.

ശ്രീ. മോൻസി എ.യു., പ്രമേയത്തെ പിന്താങ്ങി. ചർച്ചയ്ക്കുശേഷം താഴെ പറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

"യൂണിവേഴ്സിറ്റി പരീക്ഷയ്ക്കായി അപേക്ഷ സ്വീകരിക്കുന്ന അവസാന സമയം തീരുമാനിക്കുമ്പോൾ വിദ്യാർത്ഥികളിൽ നിന്നും കോളേജിൽ ഫീസ് സ്വീകരിക്കുന്നതിനു ആവശ്യമായ സമയം ലഭിക്കത്തക്കരീതിയിൽ ക്രമീകരിക്കണമെന്നു സർവകലാശാലയോടു അഭ്യർത്ഥിക്കുന്നു."

അജൻഡ പ്രകാരമുള്ള ഇനങ്ങൾ എല്ലാം പൂർത്തീകരിച്ചതിനാൽ യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തി 11.10-ന് സെനറ്റ് യോഗം പിരിയുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു.

**(ഒപ്പ്)**
**രജിസ്ട്രാർ(i/c)**